# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1353

21.03.2012-ലെ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ

**ചോദ്യം**

ശ്രീമതി. കെ. എസ്. സലീഖ

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലുള്ള നിക്ഷേപം ഇപ്പോൾ എത്ര കോടി രൂപയാണ്; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സഹകരണമേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുവാനും വിശ്വാസ്യത വർദ്ധിപ്പിക്കുവാനും സർക്കാർ എന്തൊക്കെ നടപ

**ഉത്തരം**

ശ്രീ. സി.എൻ.ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ 29.2.2012 ലെ കണക്ക് പ്രകാരം 73614.47 കോടി രൂപയുടെ നിക്ഷേപ ബാക്കി നിൽപ്പുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ലയുടെ പേര് | തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 6229.25 |
| കൊല്ലം | 5473.70 |
| പത്തനംതിട്ട | 2531.88 |
| ആലപ്പുഴ | 1248.57 |
| കോട്ടയം | 6823.71 |
| ഇടുക്കി | 1946.05 |
| എറണാകുളം | 9948.39 |
| തൃശ്ശൂർ | 9472.97 |
| മലപ്പുറം | 5745.31 |
| പാലക്കാട് | 5319.81 |
| കോഴിക്കോട് | 5095.60 |
| കണ്ണൂർ | 5204.93 |
| വയനാട് | 795.37 |
| കാസർഗോഡ് | 1966.41 |
| സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപം | 5812.52 |
| ആകെ | 73614.47 |

(ബി) സംസ്ഥാന പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും, നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനും

| | | | |
|---|---|---|---|
| | ടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | | നിക്ഷേപ സമാഹരണത്തെ ശക്തിപ്പെടുത്തുന്നതിനുമായി നിക്ഷേപ ഗ്യാരന്റി സ്കീം പരിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാരിന്റെ 11.1.2012 ലെ ജി.ഒ.(പി) 3/2012/സഹ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ടി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുന്നതിനായി നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി സ്കീം നിലവിലുണ്ട്. |
| (സി) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിക്ഷേപം ക്രമാതീതമായി വർദ്ധിക്കുമ്പോഴും വായ്പ വിതരണത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (സി) | വായ്പ വിതരണത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സഹകരണ വായ്പാ നടപടി ക്രമങ്ങൾ ലഘൂകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | സഹകരണ വായ്പ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. എല്ലാ വായ്പാ അപേക്ഷകർക്കും കൈപ്പറ്റ് രസീത് നൽകണമെന്നും വായ്പ അപേക്ഷകൾ 15 ദിവസങ്ങൾക്കുള്ളിൽ തീർപ്പുകൽപിക്കണമെന്നും, വായ്പ മാനദണ്ഡങ്ങൾ വായ്പക്കാരെ അറിയിക്കണമെന്നും വിവിധ ഇനം വായ്പകൾ, വായ്പ പരിധി, ഈട് വ്യവസ്ഥകൾ, തിരിച്ചടവ് വ്യവസ്ഥകൾ ഫീസ്/ചാർജ്ജ്, പലിശ നിരക്ക് എന്നിവ വ്യക്തമാക്കി വിശദമായ ബോർഡ് സഹകരണ ബാങ്കുകളുടെ ഹെഡ് ആഫീസിലും ശാഖകളിലും പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ |

സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വായ്പ ഇടപാട് നടത്തുന്ന എല്ലാ സഹകരണ
സംഘങ്ങൾക്കും/ബാങ്കുകൾക്കും ഗഹാൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തുടർച്ചാ ജാമ്യക്കടപത്രത്തിന്റെ അടിസ്ഥാനത്തിൽ കിസാൻ ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ